കേരള സർക്കാർ

# എടത്തല ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(പി.5)19842016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 08.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്തല ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(പി.5)1984/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 08.12.2016

# എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 14.11.2015 മുതൽ 03.11.2016തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.11.2016 മുതൽ 14.11.2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷൈല എം.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ഉമ ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി റീന ആർ , ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ എം എ എം മുനീർ | 01.4.2015 | 31.10.2015 |
| ---"--- | ശ്രീമതി സാജിത അബ്ബാസ് | 12.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ഹസീന ഹംസ | 01.4.2015 | 31.10.2015 |
| ---"--- | ശ്രീ വി എം അബൂബക്കർ | 12.11.2015 | 31.03.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺസ് | | | |
| വികസനം | ശ്രീ എം എ മായിൻ | 01.4.2015 | 31.10.2015 |
| ---"--- | ശ്രീമതി ആബിദ ഷരീഫ് | 12.11.2015 | 31.03.2016 |
| ക്ഷേമകാര്യം | ശ്രീമതി ഷമീന ഇബ്രാഹിം കുട്ടി | 1.4.2015 | 31.3.2016 |
| ---"--- | ശ്രീ എം പി കുഞ്ഞുമുഹമ്മദ് | 12.11.2015 | 31.03.2016 |

| | | | |
|---|---|---|---|
| വിദ്യാഭ്യാസം & ആരോഗ്യം | ശ്രീ കെ പി അലി | 1.4.2015 | 31.3.2016 |
| ---"--- | ശ്രീമതി ജിനില റഷീദ് | 12.11.2015 | 31.03.2016 |
| സെക്രട്ടറി | ശ്രീ യു അബ്ദുൾ ഹക്കീം | 1.4.2015 | 10.01.2016 |
| ---"--- | ശ്രീമതി എം എച്ച് അമീന | 11.01.2016 | 31.03.2016 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ലിജോ അഗസ്റ്റിൻ | 1.4.2015 | 28.07.2015 |
| ---"--- | ശ്രീ സജീവ് (എച്ച് സി ചാർജ് ) | 29.07.2015 | 18.08.2015 |
| ---"--- | ശ്രീമതി ശ്രീദേവി കെ ജി | 19.08.2015 | 31.3.2016 |
| കൃഷി ഓഫീസർ | ശ്രീ വി.പി സുധീശൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മിനിമോൾ വി എൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജെസ്സി ഉഋപ്പ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ടോം തോമസ് മാത്യു | 1.4.2015 | 23.4.2015 |
| ---"--- | ഡോ. അനീറ്റ് ആന്റണി | 24.04.2015 | 31.3.2016 |
| ഐസിഡിഎസ്. സൂപ്പർവൈസർ | ശ്രീമതി നാദിറ. എച്ച് | 1.4.2015 | 29.12.2015 |
| ---"--- | ശ്രീമതി . വിനില സി വി | 30.12.205 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടത്തല | ശ്രീ. മനോജ്.ടി.ആർ | 1.4.2015 | 31.3.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴിവേലിപ്പടി | കുമാരി സ്മിത അനു തോമസ് | 1.4.2015 | 31.3.2016 |
| ---"--- | ഡോ. ജൂണി ചാണ്ടി | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ സ്റ്റീഫൻ കെ.കെ | 1.4.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്ക്ടർ | ശ്രീമതി മഞ്ജു | 1.4.2015 | 31.3.2016 |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം **- 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം **- 2** | |
| 12 | ബിൽഡിംഗ് പെർമിറ്റ് - ₹.482770/-നഷ്ടം- ഇതര അപാകതകൾ | 2-1 |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് - ₹.2,250/- നഷ്ടം | 2-2 |
| 14 | അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല - ₹.330/- നഷ്ടം | 2-3 |
| | ഭാഗം **– 3** | |
| 15 | പാലം നിർമ്മാണത്തിന് അനുമതി – നിയമവിരുദ്ധം | 3-1 |
| 16 | വാട്ടർ ടാങ്ക് സ്ഥാപിച്ചില്ല – ₹.4,400/- നഷ്ടം | 3-2 |
| 17 | എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത വസ്തു ഉപയോഗിച്ച് നിർമ്മാണം നടത്തി . | 3-3 |
| 18 | മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 |
| 20 | ഓഡിറ്റ് ഇംപാക്ട് | 3-6 |
| | ഭാഗം **- 4** | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 27.02.2015ലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു. 03.03.2016ലെ തീരുമാനം ഒന്ന് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിലെ ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് ₹ | ചെലവ് ₹ |
|---|---|---|
| ബജറ്റ് പ്രകാരം | 16,36,63,259 | 13,70,80,800 |
| വാർഷിക കണക്കുകൾ പ്രകാരം | 8,01,36,032 | 5,79,28,410 |
| വ്യത്യാസം | 8,35,27,227 | 7,91,52,390 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് നിയമാനുസരണം തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 23.06.2016 |

വാർഷിക ധനകാര്യപത്രിക നിശ്ചിത സമയപരിധിയിൽ ഓഡിറ്റിന് ലഭ്യമാക്കിയെന്ന് പ്രത്യേകം പരാമർശിക്കുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തി. അപാകതകൾ ഇല്ല. ധനകാര്യ പത്രികയും പഞ്ചായത്തിലെ അക്കൗണ്ടുകളും ഇതര രേഖകളും ഒത്തുപോകുന്നുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22442337.00 |
| വരവ് | 57693695.00 |
| ആകെ | 80136032.00 |
| ചെലവ് | 57928410.00 |
| നീക്കിയിരിപ്പ് | 22207622.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 41,24,128 |

വലിയ തുകയാണ് വസ്തുനികുതി കുടിശ്ശികയായി ഉള്ളത്. പഞ്ചായത്തിന് ലഭിക്കാനുള്ള വസ്തു നികുതി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട അടുത്ത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 618638 | 10401629 (ട്രാൻസ്ഫർ ക്രെഡിറ്റ് | 11020267 | 11020267 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | 4394855 ഉൾപ്പെടെ) | | | | |
| എസ്.സി. പി. | 637625 | 3026332 | 3663957 | 3663957 | 0 | 100 |
| ടി.എസ്. പി. | 81550 | 0 | 81550 | 81550 (ട്രാൻസ്ഫർ ക്രെഡിറ്റ്) | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 722 | 6893785 | 6894507 | 6894507 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 37086 | 3596328 | 3633414 | 3633414 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1433990 | 6242079 | 7676069 | 7676069 (ട്രാൻസ്ഫർ ക്രെഡിറ്റ് 1854884) | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3748000 | 398000 | 4146000 | 4146000 (ട്രാൻസ്ഫർ ക്രെഡിറ്റ് 2458421) | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 120619 | 13852070 | 13972689 | 13971694 | 995 | 99.99 |
| ബി ഫണ്ട് | - | 37438440 | 37438440 | 37438440 | | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 7,32,81,127 | 133 | 4,52,01,509 | 51 | 23 | 71 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാതു വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23.06% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,37,01,222 | 1,56,11,843 | 19,10,621 | (+)11.39 |
| നികുതിയേതര വരവുകൾ | 18,78,948 | 13,02,950 | 5,75,998 | (+)30.65 |
| മറ്റുവരവുകൾ | 1,34,131 | 3,18,513 | 1,84,382 | (-) 137 |
| ആകെ | 1,57,14,301 | 1,69,66,785 | 12,52,484 | |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,01,880 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 37,24,200 | 424 |
| വിധവാപെൻഷൻ | 1,38,86,080 | 1350 |
| വാർദ്ധക്യകാല പെൻഷൻ | 1,48,09,200 | 1764 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 45,36,560 | 416 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,47,520 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,20,000 | 4 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് 10.11.2015ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 5,553/- രൂപയുടെ കുറവ് ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു :-

1. വസ്തുനികുതി പിരിവ് : 2015-16 വർഷം ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി 4124128/- രൂപ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കുടിശ്ശികയായിട്ടുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് :ഡി&ഒ ലൈസൻസ് രജിസ്റ്റർ, തൊഴിൽനികുതിരജിസ്ററർ, ആശുപത്രികളുടെയും പാരാ മെഡിക്കൽസ്ഥാപനങ്ങളുടെയും രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററുകൾ കുറ്റമറ്റതും കാലികവുമാക്കേണ്ടതാണ്.
3. ഡി&ഒ ലൈസൻസ് : ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ പലതിലും സെക്രട്ടറി തീരുമാനമെടുത്തതായി അപേഷകളിൽ വ്യക്തമാക്കിയിട്ടില്ലെങ്കിലും ലൈസൻസ് ഫീസ് വാങ്ങി ലൈസൻസ് പുതുക്കി നല്കിയിട്ടുണ്ട്.ഇത് ശരിയായ നടപടിയല്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ തുടർവർഷങ്ങളിൽ ആരെല്ലാം ലൈസൻസ് പുതുക്കുന്നുണ്ടെന്ന് വ്യക്തമല്ല. ലൈസൻസ് അപേക്ഷകൾ നിയമാനുസൃത രീതിയിൽ പരിശോധിച്ച് നിർദ്ദിഷ്ട ഫീസ് ഈടാക്കി ലൈസൻസ് പുതുക്കേണ്ടതാണ്.
4. പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്): തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തീർപ്പാക്കിയതിന്റെ വിവരം പലതിലും രേഖപ്പെടുത്തിയിട്ടില്ല. ഒരു രജിസ്റ്ററിലും മാസാവസാനം തന്മാസം തീർപ്പാക്കിയതും ഇനി തീർപ്പാക്കാനുമുള്ള ഫയലുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പേഴ്സണൽ രജിസ്റ്ററുകൾ മേലധികാരികൾക്ക് സമർപ്പിക്കുന്നില്ല.
5. ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ കൂടുന്നില്ല. 2015 – 16 ൽ മീറ്റിംഗ് കൂടിയതിന്റെ വിവരം താഴെ ചേർക്കുന്നു .

| മാസം |
|---|
| ഏപ്രിൽ 2015 |
| സെപ്റ്റമ്പർ 2015 |
| ജനുവരി 2016 |

മാസത്തിലൊരിക്കൽ ജീവനക്കാരുടെ യോഗം വിളിച്ചു കൂട്ടേണ്ടതും പഞ്ചായത്തിന്റെ ദൈനംദിന

പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.10.2016 മുതൽ 14.10.2016 വരെ | 09/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.05.2009 മുതൽ 30.05.2009 വരെ | 2004-05 മുതൽ 2008-09 വരെ | 19.06.2009 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് - ₹.482770/- നഷ്ടം - ഇതര അപാകതകൾ.

ബിൽഡിംഗ് പെർമിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

പരാമർശം **1**

1. അവശ്യ രേഖകൾ ഇല്ലാതെ പെർമിറ്റ് നൽകി.

രാജഗിരി ഹെൽത്ത് കെയർ & എഡ്യൂക്കേഷൻ ട്രസ്റ്റ്, ചൂണ്ടിക്ക് 46025എം$^2$ ഹോസ്പിറ്റൽ കെട്ടിടം പണിയുന്നതിന് 17.06.2011ൽ BP89/11 പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട് . ആശുപത്രിയോട് അനുബന്ധിച്ച് ഇതര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ട്രസ്റ്റ് പിന്നീട് അപേക്ഷ നൽകി . വിശദ വിവരം താഴെ ചേർക്കുന്നു .

| | | |
|---|---|---|
| പെർമിറ്റ് നം. | BA 1 358/13/23.08.2014, ഹോസ്പിറ്റൽ അനുബന്ധ കെട്ടിങ്ങൾ | |
| പേര് | രാജഗിരി ഹെൽത്ത് കെയർ & എഡ്യൂക്കേഷൻ ട്രസ്റ്റ് , ചൂണ്ടി . | |
| അപേക്ഷാ തീയതി | 24.06.2013 | |
| സർവ്വെ നം. | 2140/73 , 936/1/46, 939/1/45 , 3098/ 1102ആലുവ ഈസ്റ്റ് വില്ലേജ് | |
| സ്ഥല വിസ്തീർണ്ണം | 2281.86 സെന്റ് (924 ആർ ) | |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | 10971.23എം$^2$ | |
| പ്ലിന്ത് ഏരിയയുടെ വിശദ വിവരം | നഴ്സിംഗ് ക്വാർട്ടേഴ്സ് | 8029.06 എം$^2$ |
| | സർവീസ് ബിൽഡിംഗ് | 1863.07 എം$^2$ |
| | പ്രീസ്റ്റ് ഹോം | 1079.10എം$^2$ |

അപാകതകൾ ചുവടെ ചേർക്കുന്നു .

1) ഭൂമി വികസന ഫീസ് ഈടാക്കിയില്ല – 462000രൂപയുടെ നഷ്ടം

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4(1) പ്രകാരം കെട്ടിട

നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ് . ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം. എന്നാൽ ഇപ്രകാരം വികസന പെർമിറ്റ് നൽകാത്തതിനാൽ 462000/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| സ്ഥല വിസ്തീർണ്ണം | 924 ആർ |
| ഈടാക്കേണ്ട വികസന പെർമിറ്റ് ഫീസ് @ 500 / ആർ | 462000 രൂപ |

ഭൂമി വികസന ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

2 ) ഫയർ & റെസ്ക്യൂ സർവീസസിന്റെ 19 .10. 2013 ലെ G 1 – 12278 / 13 നം അനുമതി പ്രകാരം നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് അന്തിമ എൻ ഒ സി വാങ്ങണം . രാജഗിരിയുടെ 10.10.2014 ലെ അപേക്ഷ , കംപ്ലീഷൻ പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ സർവീസ് ബിൽഡിംഗിന് ടാക്സ് നിർണ്ണയിച്ച് IV/600 G നം പ്രകാരം കെട്ടിട നം നൽകി. ഫയർ & റെസ്ക്യൂ സർവീസസിന്റെ അന്തിമ അനുമതി കൂടാതെ കെട്ടിട നം നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാണ് കെട്ടിട നം നൽകിയത് എന്ന് മറുപടി നൽകി . അന്തിമ ഫയർ എൻ ഒ സി ലഭിച്ചു എന്നറിയിച്ചെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയില്ല .

<u>പരാമർശം **2**</u>

<u>1)ഭൂമി വികസന ഫീസ് ഈടാക്കിയില്ല – 20000 രൂപയുടെ നഷ്ടം</u>

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011ലെ ചട്ടം 4 (1) പ്രകാരം കെട്ടിട നിർമ്മാണത്തിന് ഭൂമി വികസിപ്പിക്കുന്നതിന് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ് . ഭൂമി വികസനത്തിന് ചട്ടം 5 പ്രകാരം ഉടമ അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിഗണിച്ച് പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കി ചട്ടം 7 പ്രകാരം വികസന പെർമിറ്റ് നൽകണം . എന്നാൽ ഇപ്രകാരം വികസന പെർമിറ്റ് നൽകാത്തതിനാൽ 20000 രൂപയുടെ നഷ്ടം സംഭവിച്ചു . വിശദ വിവരം താഴെ ചേർക്കുന്നു .

| ഫയൽ നം | വസ്തു ഉടമ | സർവ്വെ നം | വിസ്തീർണ്ണം | കെട്ടിട നിർമ്മാണ പെർമിറ്റ് നം | നിർമ്മാണം | ഈടാക്കേണ്ട ഭൂമി വികസന ഫീസ് (500 / ആർ ) |
|---|---|---|---|---|---|---|
| 269/15 | ജി.മോഹനൻ, ഡയറക്ടർ , യു.എം. വെഞ്ചർസ് | 265/10/2 , 267/3 , 4 , 265/10 | 39.83ആർ | 23/15 Dated 12.03.2015 , 24/15 Dated 12.03.2015 , 25/15 Dated 12.03.2015 , 26/15 Dated 12.03.2015 , 27/15 Dated 12.03.2015 ,28/15 Dated 12.03.2015 | 6 വില്ലകൾ | 20000 |

ഭൂമി വികസന ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1 തീയതി 04.11.2016) നൽകിയ മറുപടിയിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2(1) പരിധിയിലെ ഭൂവികസനത്തിൽ ഉൾപ്പെടാത്തതിനാലാണ് വികസന ഫീസ് ഈടാക്കാത്തത് എന്നറിയിച്ചു . ഇത്

അംഗീകരിക്കത്തക്കതല്ല .
കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല .

ഫയൽ പ്രകാരം ആറിലധികം വില്ലകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്ലാനിലെ പ്ലിന്ത് ഏരിയയിൽ നിന്ന് വ്യത്യാസമുള്ളതിനാൽ ആകെ അപേക്ഷ സമർപ്പിച്ച വില്ലകളുടെ എണ്ണം , പെർമിറ്റ് അനുവദിച്ച വില്ലകളുടെ എണ്ണം എന്നിവ ലഭ്യമാക്കണമെന്ന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല . ആറ് വില്ലകളുടെ പ്ലിന്ത് ഏരിയ 836.81 എം സ്ക്വയർ ആണ്. എന്നാൽ ഫയലിൽ 742. 39 എം സ്ക്വയർ പ്ലിന്ത് ഏരിയ കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതാണ്.
ഭൂമി വികസന ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കെട്ടിട എണ്ണം, പ്ലിന്ത് ഏരിയ എന്നിവ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതുമാണ് .

## പരാമർശം **3**

റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് - 770 രൂപയുടെ നഷ്ടം
ഫയൽ നം - 309 / 15
കെട്ടിടത്തിന്റെ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ 770 രൂപയുടെ നഷ്ടം സംഭവിച്ചു . വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു .

| | |
|---|---|
| പെർമിറ്റ് നം | A 1 – 44 / 15 Dated 30.01.2015 |
| ഉടമയുടെ പേര് | അരുൺ യോഹന്നാൻ , പനങ്ങോട്ട് |
| പ്ലിന്ത് ഏരിയ | ഗാർഹികം -153. 99 |
| ഈടാക്കിയ പെർമിറ്റ് ഫീസ് | 770 രൂപ<br>രസീത് നം 11406108640/29.01.2015 |
| ഈടാക്കേണ്ട ഫീസ് | 1540 രൂപ |
| കുറവ് | 770 രൂപ |

കുറവ് വന്ന 770 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് .

## പരാമർശം **4**

അവശ്യ രേഖകൾ ഇല്ലാതെ പെർമിറ്റ് നൽകി
ഫയൽ നം - 664 / 14
2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം വലിയ കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഫയർ എൻ.ഒ.സി , പൊല്യൂഷൻ കൺട്രോൾ ബോർഡ് എൻ.ഒ.സി എന്നിവ ആവശ്യമാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന് ഇവ ഇല്ലാതെ കെട്ടിട നമ്പർ നൽകി .

| | |
|---|---|
| പെർമിറ്റ് നം. | BA 123/13/22.05,2014 ,വിദ്യാഭ്യാസ സ്ഥാപനം |
| പേര് | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് , എഡ്യൂക്കേഷൻ ട്രസ്റ്റ് , ചൂണ്ടി . |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | 3594.54എം$^2$ |
| കെട്ടിട നം | 647/B / III |

കെട്ടിടത്തിന് 12.03.2015ൽ വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നടത്തിയ അന്വേഷണത്തിൽ കെട്ടിടത്തിന് ഫയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ അനുമതി ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ഫയർ/പൊല്യൂഷൻ എൻ.ഒ.സി.കൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് 05/03/2015ൽ ബി 3 – 826/15 പ്രകാരം കത്ത് നൽകി . ആയതിന് നൽകിയ മറുപടിയിൽ ( നം. തീയതി ഇല്ല, പഞ്ചായത്ത് തപാൽ നം 2263 / 06.03.2015 ) ഫയർ / പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ എൻ.ഒ.സി.കൾ 60 ദിവസത്തിനകം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ആയത് സംബന്ധിച്ച് സത്യവാങ്മൂലം നൽകുകയും ചെയ്തു. അവശ്യരേഖകൾ ഇല്ലാതെ കെട്ടിട നമ്പർ നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബിൽഡിംഗ്

പെർമിറ്റ് / ഡെവലപ്പ്മെന്റ് ഫീസിനത്തിൽ കുറവ് വന്ന 4,82,770/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവ് - നഷ്ടം ₹2,250/-

ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി, വിറ്റുവരവ് എന്നിവയ്ക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കാത്തതതിനാൽ 3250 രൂപയുടെ നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (എൻക്വയറി നം.11 തീയതി 11.11.2016) അടിസ്ഥാനത്തിൽ 1000/- രൂപ തിരികെ ഈടാക്കി. അവശേഷിക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം. | പേര് മേൽവിലാസം | ലൈസൻസ് നം. | കുതിര ശക്തി\ വിറ്റുവരവ് | ഫീസ് ഈടാക്കിയത് \ രസീത് നം | ഫീസ് ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | എം. ബി. മുഹമ്മദാലി മാനേജിങ് പാർട്ട്ണർ മെസ്കോംട്രേഡ് എട്ടേക്കർ ചൂണ്ടി ആലുവ | 75 | ₹25000 | 300 11406109833,34 /25-02-15 | 500 | 200 |
| 2 | റെജി സി ഡി ഫ്യൂച്ചർ സപ്ലൈ ചെയിൻ സൊല്യൂഷൻസ് ലിമിറ്റഡ് നം V/76A;എടത്തല നോർത്ത് പി ഒ ആലുവ | 85 | ₹55000 | 1000 91152100035,36 /26-02-15 | 2000 | 1000 |
| 3 | കെ ഇ അബ്ദുൾ വഹാബ് കാരോത്തുകുഴി കുഴിവേലിപ്പടി എടത്തല | 96 | 115 HP | 100 91152100061,62 /26-02-15 | 1150 | 1050 |
| | ആകെ | | | | | 2250 |

ഡി & ഒ ലൈസൻസ് രജിസ്റ്റർ അപൂർണ്ണമാണ് . ലൈസൻസ് രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-3 അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം ₹.330/-

അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 980 രൂപ നഷ്ടം സംഭവിച്ചു. ഇതിൽ 650 രൂപ ഓഡിറ്റ് എൻക്വയറിയുടെ (എൻക്വയറി നം 7 തീയതി 11.11.2016) അടിസ്ഥാനത്തിൽ അടച്ചു. അവശേഷിക്കുന്ന തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

| ക്രമ നം | പേര് | അർദ്ധവർഷം | അർദ്ധ വാർഷിക വരുമാനം | അടച്ച തുക\ രസീത് നം | അട ക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | സുമ കെ ആർ പ്രീജേ റബ്ബർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 48354 | 300 11506104962/ 22/09/15 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ലളിതാംബിക എം ജെ ഹോമിയോപതിക് ഹെൽത്ത് സെന്റർ മുതിരക്കാട്ടുമുകൾ | ഒന്നാം അർദ്ധവർഷം | 18000 | 120 11506105102/ 28/09/15 | 180 | 60 |
| 3 | എബ്രഹാം പി പി ആലംപള്ളി ബ്രദേഴ്സ് ലിമിറ്റഡ് എൻ എ ഡി (പി.ഒ) | രണ്ടാം അർദ്ധവർഷം | 18117 | 120 1150610929/ 26-02-16 | 180 | 60 |
| 4 | ലളിതാംബിക.എം.ജെ ഹോമിയോപതിക് ഹെൽത്ത് സെന്റർ മുതിരക്കാട്ടുമുകൾ | രണ്ടാം അർദ്ധവർഷം | 18000 | 120 11506110133/ 14-03-16 | 180 | 60 |
| | ആകെ | | | | | 330 |

കുറവ് വന്ന 330/- രൂപാ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ക്രെസെന്റ് ക്രമ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടച്ചിട്ടില്ല ആയതും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പാലം നിർമ്മാണത്തിന് അനുമതി - നിയമവിരുദ്ധം.

ഗ്രാമ പഞ്ചായത്തിലെ പേങ്ങാട്ടുശ്ശേരി മസ്ജിദ് റോഡിന് (ആസ്തി രജിസ്റ്റർ പേജ് നം.44 ക്രമ നം.18) ഇരു വശത്തുമായി രാജഗിരി എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ആലുവ ഈസ്റ്റ് വില്ലേജിലെ റീസർവ്വെ - 134 ൽ ഉൾപ്പെട്ട 2281.86 സെന്റ് സ്ഥലവും റീസർവ്വെ - 149 /4 ൽ ഉൾപ്പെട്ട 1373.90സെന്റ് സ്ഥലവും ( IV, V വാർഡുകൾ ) തമ്മിൽ ബന്ധിപ്പിച്ച് പേങ്ങാട്ടുശ്ശേരി മസ്ജിദ് റോഡിന് മുകളിലൂടെ പാലം നിർമ്മിക്കുന്നതിന് പഞ്ചായത്ത് അനുമതി നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ രാജഗിരി പാലം നിർമ്മിക്കുകയും ചെയ്തു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു .

| | |
|---|---|
| അപേക്ഷ | ഡയറക്ടർ , രാജഗിരി ഹെൽത്ത് കെയർ & എഡ്യൂക്കേഷണൽ ട്രസ്റ്റ് |
| പഞ്ചായത്ത് കമ്മറ്റി തീരുമാനം | 20/10/2012 ലെ നം 23 |
| അനുമതി | ഉത്തരവ് നം എ1 – എഫ് . ഒ. ആർ 175/ 12 തീയതി 23/12/2013 , സെക്രട്ടറി |
| പാലത്തിന്റെ നീളം | 10.20 |
| പാലത്തിന്റെ വീതി | 7.50 |
| അപ്രോച്ച് റോഡ് ഉൾപ്പെടെ പാലത്തിന്റെ നീളം | 118.20 |

<u>അനുമതി നൽകലിന്റെ ഘട്ടങ്ങൾ</u>

1) പാലം നിർമ്മാണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് രാജഗിരി 04.01.2012 ന് അപേക്ഷ നൽകി.
2) പാലം നിർമ്മാണത്തിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി രാജഗിരി 05 . 10. 2013 ൽ കരാർ ഒപ്പ് വെച്ചു . രാജഗിരി ഡയറക്ടറും , പഞ്ചായത്ത് സെക്രട്ടറിയും കക്ഷികളായ കരാറിലെ പ്രധാന വ്യവസ്ഥകൾ

*a ) പാലം നിർമ്മാണ ചെലവ് മുഴുവനായും രാജഗിരി വഹിക്കും .*
*b ) പാലത്തിന്റെ ഉയരം 6 മീറ്റർ ആയിരിക്കും*

*c ) ഭാവിയിൽ പാലത്തിനും റോഡിനും ആവശ്യമായ സുരക്ഷക്കും , ഉറപ്പിനും വേണ്ട എല്ലാ ചെലവുകളും രാജഗിരി വഹിക്കും .*

3) കെ എസ് ഇ ബി യുടെ വൈദ്യുതി ലൈൻ റോഡിനടിയിലൂടെ ആക്കേണ്ടതിനാൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 44055 രൂപ രസീത് നം 11206500052/ 19.03.2013 പ്രകാരം പഞ്ചായത്തിൽ അടച്ചു .

4 ) പഞ്ചായത്ത് കമ്മറ്റി തീരുമാനം, കരാർ എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മാണ അനുമതി നൽകാമെന്ന് 13.12.2013 ൽ അസിസ്ററന്റ് എഞ്ചിനീയർ എൽ എസ് ജി ഡി അറിയിച്ചു .

5) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 12/ 08/ 2013 ൽ DB 23 – C /13-14 / 143 പ്രകാരം നോ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകി .

6) ജിയോ സ്ട്രക്ച്ചറൽസ് പ്രൈവറ്റ് ലിമിറ്റഡ് 30.09.2013 ൽ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് നൽകി .

7)രാജഗിരി സമർപ്പിച്ച പ്ലാനിനും പാലം നിർമ്മാണത്തിനും പഞ്ചായത്ത് 23/12/2013 ൽ അനുമതി നൽകി .

8)പാലം നിർമ്മാണം സംബന്ധിച്ച് പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഓവർസീയർ അന്വേഷണം നടത്തുകയും , പഞ്ചായത്ത് കൊടുത്ത അനുമതി പ്രകാരം നിർമ്മാണം നടന്നു കൊണ്ടിരിക്കുകയാണെന്ന് 11.06.2015 ൽ റിപ്പോർട്ട് നൽകി .

<u>പാലം നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് നിഗമനങ്ങൾ താഴെ ചേർക്കുന്നു .</u>

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 220 (എ) പ്രകാരം ഏതെങ്കിലും പൊതുവഴിയിലോ അതിനു മുകളിലോ സ്ഥിരമായോ , താൽക്കാലികമായോ ഏതെങ്കിലും ചുമർ കെട്ടുകയോ, തള്ളിനിൽക്കുകയോ ചെയ്യുന്ന വിധം എന്തെങ്കിലും പണിയാൻ പാടില്ല. എന്നാൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി റോഡിന് മുകളിൽ പാലം നിർമ്മിക്കുവാൻ അനുവാദം നൽകി.

2) വകുപ്പ് 220 (ബി) പ്രകാരം റോഡുകളോട് ചേർന്ന് കിടക്കുന്ന ഭൂമിയിൽ തന്റെ ഭൂമിയോട് ചേർന്ന അതിരിൽ നിന്ന 3 മീറ്ററിനുള്ളിൽ ചുറ്റുമതിലല്ലാത്ത നിർമ്മാണം നടത്താൻ പാടില്ല. പഞ്ചായത്ത് അംഗീകാരം കൊടുത്ത പ്ലാനിൽ പാലത്തിന്റെ പില്ലർ റോഡിൽ നിന്ന് ഒരു മീറ്റർ മാത്രം അകലെയാണ് . ഓവർസീയറുടെ റിപ്പോർട്ട് പ്രകാരം 1.5 മീറ്റർ അകലെ പില്ലർ നിർമിച്ച് പാലം നിർമ്മിച്ചിട്ടുണ്ട് .

3) പാലം നിർമ്മാണ അനുമതി സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് IV, V വാർഡുകളിലെ മെമ്പർമാരെ പഞ്ചായത്ത് കമ്മറ്റിയുടെ 28 /01 /2012 ലെ 10 - ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട് . എന്നാൽ മെമ്പർമാരുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല .
ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 10.11.2016ൽ ഓഡിറ്റ് എൻക്വയറി നൽകി (നം 4). ആയതിന് നൽകിയ മറുപടിയിൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണകരമായ മികച്ച ഒരു ആശുപത്രി ആയതിനാലും, ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് പാലം ആവശ്യമായതിനാലുമാണ് അംഗീകാരം നൽകിയത് എന്ന് അറിയിച്ചു. എന്നാൽ IV, V വാർഡുകളിലെ മെമ്പർമാരുടെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല. കൂടാതെ പാലം നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം രാജഗിരി അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം (തീയതി, പൂർത്തിയായ പാലത്തിന്റെ നീളം, വീതി മുതലായവ) ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും ലഭ്യമാക്കിയില്ല. മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനത്തെ സാധൂകരിക്കുന്നതല്ലാത്തതിനാൽ അംഗീകരിക്കത്തക്കതല്ല. പാലം നിർമ്മാണ അനുമതി നൽകൽ, നിർമ്മാണം എന്നിവ സംബന്ധിച്ച് പഞ്ചായത്ത്, ഭരണവകുപ്പ് എന്നിവ അന്വേഷണം നടത്തി യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 <u>വാട്ടർ ടാങ്ക് സ്ഥാപിച്ചില്ല – നഷ്ടം ₹.4,400/-</u>

അങ്കണവാടി മെയിന്റൻസ് പ്രൊജക്റ്റിന്റെ ഭാഗമായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് തുക നൽകിയെങ്കിലും വാട്ടർ ടാങ്ക് സ്ഥാപിക്കാത്തതിനാൽ 4,400/- രൂപയുടെ നഷ്ടം സംഭവിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു:-

പ്രൊജക്റ്റ് നം - S 0164 / 16
പ്രൊജക്റ്റിന്റെ പേര് - വാർഡ് 21 ലെ 96ാം നം അങ്കണവാടി അറ്റകുറ്റപ്പണി .
അംഗീകാരം - 408 / AEE/ 15 -16 /18/05/2015
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
കൺവീനർ - എം എസ് ബിജു മോളത്ത്
അടങ്കൽ തുക - 498000/- മെയിന്റനൻസ് ഫണ്ട്
ചെലവ് തുക - 496918/-

പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ 27-ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത് 500 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിക്കലാണ്. എം ബുക്കിൽ (ബുക്ക് നം 14 – 15/16) പേജ് നം 40 ൽ 27-ാം ഇനമായി ഉൾപ്പെടുത്തി വാട്ടർ ടാങ്കിന് തുക അനുവദിച്ചു . എന്നാൽ 10.11.2016 ന് അസിസ്റ്റന്റ് എഞ്ചിനീയറും ഓഡിറ്റും സംയുക്ത സ്ഥല പരിശോധന നടത്തിയപ്പോൾ പ്രസ്തുത വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടില്ലാത്തതായി കണ്ടു . തുക അനുവദിച്ചതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| ബിൽ നം | 13/15-16 /29.12.2015 |
| ചെക്ക്നം | 442355/01.01.2016 |
| വാട്ടർ ടാങ്കിന്റെ വില | 4400 |

വാട്ടർ ടാങ്കിന്റെ വിലയിനത്തിൽ നൽകിയ 4,400/- രൂപ കൺവീനറിൽ നിന്നും ഈടാക്കി തിരികെ അടക്കേണ്ടതാണ് .

## 3-3 എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത വസ്തു ഉപയോഗിച്ച് നിർമ്മാണം നടത്തി .

പഞ്ചായത്ത് ഗ്രൗണ്ടിന് ഒരു വശത്ത് നെറ്റ് വിരിക്കുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എം ബുക്ക് പ്രകാരം തുക നൽകിയിട്ടുള്ളതുമായ ഇനം വസ്തുവിന് പകരം ഇതര ഇനം ഉപയോഗിച്ച് നിർമ്മാണം നടത്തി .

പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .
പ്രൊജക്റ്റ് നം - S 0177/15
പ്രൊജക്റ്റിന്റെ പേര് - പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം
അംഗീകാരം - 537/AEE/14-15/27/06/2014
അടങ്കൽ - 540000 /- ( സ്പോർട്ട്സ് കൗൺസിൽ ഫണ്ട് )
നിർവ്വഹണ ഉദ്യോഗസ്ഥന് തുക നൽകിയത് - ചെക്ക് നം 4790425/ 29.03.2015
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരൻ - പി എം നാദിർഷ
ചെലവ് - 532176 / -
ഡി ഡി നം - 144394/26.04.2016

പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ 7 -ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ളത് GI Net സ്ഥാപിക്കലാണ് . വിശദ വിവരം താഴെ ചേർക്കുന്നു .

| ഇനം | നിരക്ക് | അളവ് | തുക |
|---|---|---|---|
| Supplying and providing GI Net (75X75mm – 4 GX4G ) fixing in GI Post , including cost of all materials , labour charges , painting priming coat etc | 2165/ 10 m2 | 540 | 1,16,910 |

എം ബുക്ക് പ്രകാരമുള്ള അളവ് താഴെ ചേർക്കുന്നു .

| എം ബുക്ക് നം | പേജ് നം | ഇനം | നിരക്ക് | അളവ് | തുക |
|---|---|---|---|---|---|
| 47/AE/14-15 | 14 | Supplying and providing GI Net (75X75mm – 4 GX4G ) fixing in GI Post , including cost of all materials , labour charges , painting priming coat etc | 2165/ 10 m2 | 309 | 66,899 |

പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 10.11.2016 ന് സ്ഥല പരിശോധന നടത്തിയപ്പോൾ Wired Plastic Net ആണ് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കണ്ടു . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 9/11.11.2016 ) ഉപയോഗിച്ച വസ്തു ഗുണനിലവാരമുള്ളതും, എസ്റ്റിമേറ്റിലേയും എം ബുക്കിലേയും അതേ വിലയുള്ളതാണെന്നും അറിയിച്ച

. കൂടാതെ നിയമ സഭാ ഇലക്ഷൻ ആയതിനാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ സാധിക്കാതിരുന്നതെന്നും അറിയിച്ചു. അപകാത ഭാവിയിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

അടങ്കൽ തുക 200000/-
ചെലവ് 200000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോമിയോ ഡോക്ടർ
ചെലവ് വിവരം ബിൽ നമ്പർ 1/15-16 200000/-

ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം കേരളാ സറ്റേറ്റ് ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് 2,00,000/- രൂപാ രസീത് നമ്പർ 536/21.10.2015 പ്രകാരം നല്കി. നാളിതു വരെ 1,14,860/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. (ഇൻവോയിസ് നമ്പർ LF1301/15.03.2016). അവശേഷിക്കുന്ന 85,140 /- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കുവാനായി ഓഡിറ്റ് എൻക്വയറി നം 8 ന് നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിനിയോഗം ഉറപ്പ് വരുത്തേണ്ടതാണ് .

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്. ഇ.ബി | 8-ാം ശാന്തിഗിരി ശഹീദൻമാർ ജാറം റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (45/16) | 435933/ 01.07.2015 | 93300 | 0 | 93300 |
| കെഎസ്. ഇ.ബി | 13-ാം വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (50/16) | 9101165/ 09.07.2015 | 98735 | 0 | 98735 |
| കെഎസ്. ഇ.ബി | 21-ാം വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (58/16) | 9370007/ 21.08.2015 | 40000 | 0 | 40000 |
| കെഎസ്. ഇ.ബി | 8-ാം പുത്തനാലി ബൈലാൻ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (70/16) | 441745/ 23.12.2015 | 63655 | 0 | 63655 |
| കെഎസ്. ഇ.ബി | കുറുമ്പക്കാവ് ജൂബിലി ലിങ്ക് റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (46/16) | 446080/ 03.02.2016 | 93329 | 0 | 93329 |
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 5 (32/16) | 937545/ 28.03.2016 | 38875 | 0 | 38875 |

| | | | | | |
|---|---|---|---|---|---|
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പിർളി റോഡ് (48/16) | 683243/ 25.05.2016 | 49339 | 0 | 49339 |
| കെഎസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ ചീപ്പങ്ങൽ റോഡ് , സമുദായം റോഡ് (56/16) | 687831/ 20.04.2016 | 36764 | 0 | 36764 |
| കെഎസ്. ഇ.ബി | വെള്ളാഞ്ഞി കൈലാസ് കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (49/16) | 687830/ 20.04.2016 | 59765 | 0 | 59765 |
| കെഎസ്. ഇ.ബി | പുത്തൻപുര മുഹമ്മദാലി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (170/16) | 687832/ 20.04.2016 | 49164 | 0 | 49164 |
| കെഎസ്. ഇ.ബി | ശാന്തി ഗിരി MES റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (33/16) | 687836/ 20.04.2016 | 55945 | 0 | 55945 |
| കെഎസ്. ഇ.ബി | മൂഞ്ഞേലി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (68/16) | 687852/ 20.04.2016 | 88068 | 0 | 88068 |
| കെഎസ്. ഇ.ബി | അമ്പലക്കുഴി SC കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (69/16) | 687849/ 20.04.2016 | 49900 | 0 | 49900 |
| കെഎസ്. ഇ.ബി | അമ്പലക്കുഴി SC കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (55/16) | 937565/ 02.04.2016 | 47167 | 0 | 47167 |
| കേരള വാട്ടർ അതോറിറ്റി | ചാലയിൽ ബൈലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ (23/16) | 441309/ 17.12.2015 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | എരുമത്തലമൂല മുതിരക്കാട്ടുമുകൾ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (21/16) | 683239/ 25.2.16 | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | വെള്ളാഞ്ഞി കൈലാസ് കോളനി റോഡ് പൈപ്പ് ലൈൻ വലിക്കൽ (22/16) | 683666/ 8.3.16 | 110000 | 0 | 110000 |
| കേരള വാട്ടർ അതോറിറ്റി | കൊട്ടുവേലിപ്പറമ്പ് NAD മുകൾ മാറാഞ്ചേരി റോഡ് കുടിവെള്ള പൈപ്പ് ലൈൻ (25/16) | 438114/ 14.08.2015 | 390000 | 0 | 390000 |

## 3-6 ഓഡിറ്റ് ഇംപാകറ്റ്

**1)**റെഗുലറൈസേഷൻ ഫീസിനത്തിൽ കുറവ് വന്ന **3826** രൂപ അടച്ചു **.**

പെർമിറ്റ് നം BA 123/13/22.05,2014 പ്രകാരം നിർമ്മാണ അനുമതി നൽകിയ ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് കെട്ടിടത്തിന്റെ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 3826 രൂപ 07/11/2016 ലെ ഓഡിറ്റ് എൻക്വയറി നം 2 ന്റെ അടിസ്ഥാനത്തിൽ അടവാക്കി .

| | |
|---|---|
| പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | 3321.25 എം സ്ക്വയർ |
| അധിക നിർമ്മാണം | 273.25 എം സ്ക്വയർ |
| തുക അടച്ച രസീത് നം | 6591442/10.11.2016 |

**2)**റെഗുലറൈസേഷൻ ഫീസിനത്തിൽ കുറവ് വന്ന **1890** രൂപ അടച്ചു **.**

പെർമിറ്റ് നം A 1 – 664 / 15 Dated 05.02.2015 , വിദ്യാഭ്യാസ സ്ഥാപനം പ്രകാരം നിർമ്മാണ അനുമതി നൽകിയ ഭാരത മാതാ കോളേജ് , എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ കെട്ടിടത്തിന്റെ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 1890 രൂപ 07/11/2016 ലെ ഓഡിറ്റ് എൻക്വയറി നം 2 ന്റെ അടിസ്ഥാനത്തിൽ അടവാക്കി .

| | |
|---|---|
| പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | 1987.89 എം സ്ക്വയർ |
| അധിക നിർമ്മാണം | 149.79 എം സ്ക്വയർ |
| തുക അടച്ച രസീത് നം | 6591441/10.11.2016 |

**3)** തൊഴിൽ നികുതിയിൽ കുറവ് വന്ന **650** രൂപ അടച്ചു **.**

അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കാത്തതിനാൽ കുറവ് വന്ന 650 രൂപ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 7/11.11.2016 ) നൽകിയതിന്റെ അടിസ്ഥാനത്തിൽ അടച്ചു .

| ക്രമ നം | പേര് | അർദ്ധ വർഷം | അർദ്ധ വർഷ വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് | കുറവ് അടച്ച രസീത് |
|---|---|---|---|---|---|---|---|
| 1 | ഡോ.ആൻറണി പോൾസൺ രാജഗിരി ഹോസ്പിറ്റൽ ചുനങ്ങംവേലി | രണ്ടാം അർദ്ധ വർഷം | 62069 | 450 11506500090 /10-03-16 | 600 | 150 | 11606106934 /11.11.16 |
| 2 | ഡോ.ജനിൽ വർഗീസ് രാജഗിരി ഹോസ്പിറ്റൽ ചുനങ്ങംവേലി | രണ്ടാം അർദ്ധ വർഷം | 107069 | 750 11506500090 /10-03-16 | 1000 | 250 | 11606106934 /11.11.16 |
| 3 | ഡോ പ്രിയാ സൂസൻ ജേക്കബ് രാജഗിരി ഹോസ്പിറ്റൽ ചുനങ്ങംവേലി | രണ്ടാം അർദ്ധ വർഷം | 105517 | 750 11506500090 /10-03-16 | 1000 | 250 | 11606106934 /11.11.16 |

**4)** ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവ് വന്ന **1000/-** രൂപാ അടച്ചു **.**

ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി ,വിറ്റുവരവ് എന്നിവയ്ക്ക് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കാത്തതതിനാൽ കുറവ് വന്ന 1000/- രൂപാ ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 11/14.11.2016) യുടെ അടിസ്ഥാനത്തിൽ അടച്ചു . വിശദ വിവരം താഴെ ചേർക്കുന്നു .

| പേര് മേൽവിലാസം | ലൈസൻസ് | കുതിര ശക്തി\ | ഫീസ് ഈടാക്കിയത് \ രസീത് നം | ഫീസ് ഈടാ | കുറവ് | കുറവ് അടച്ച രസീത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | നം. | വിറ്റു വരവ് | | ക്കേണ്ടത് | | |
| അനൂപ് ചന്ദ്രൻ ഉഷസ്,അത്താണി കുസുമഗിരി പി ഒ കാക്കനാട് | 196 | ₹55000 | 1000 11406111124,25 /12-03-15 | 2000 | 1000 | 116065008786 /14.11.2016 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 250000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 207725 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 207725 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി നം. | മുൻകൂർ നൽ കിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെഎസ്. ഇ.ബി | 8-ാം ശാന്തിഗിരി ശഹീദൻമാർ ജാറം റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (45/16) | 435933 / 1.07.2015 | 93300 | 0 | 93300 |
| കെഎസ്. ഇ.ബി | 13-ാം വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (50/16) | 9101165 /09.07.2015 | 98735 | 0 | 98735 |
| കെഎസ്. ഇ.ബി | 21-ാം വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (58/16) | 9370007 /21.08.2015 | 40000 | 0 | 40000 |
| കെഎസ്. ഇ.ബി | 8-ാം പുത്തനാലി ബൈലാൻ റോഡിൽ സ്ട്രീറ്റ് ലൈൻ | 441745 /23.12.2015 | 63655 | 0 | 63655 |

| | | | | | |
|---|---|---|---|---|---|
| | വലിക്കൽ (70/16) | | | | |
| കെഎസ്.ഇ.ബി | കുറുമ്പക്കാവ് ജൂബിലി ലിങ്ക് റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (46/16) | 446080 /3.02.2016 | 93329 | 0 | 93329 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് 5 (32/16) | 937545 /28.03.2016 | 38875 | 0 | 38875 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ പിർളി റോഡ് (48/16) | 683243 /25.05.2016 | 49339 | 0 | 49339 |
| കെഎസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ ചീപ്പുങ്ങൽ റോഡ് , സമുദായം റോഡ് (56/16) | 687831 /20.04.2016 | 36764 | 0 | 36764 |
| കെഎസ്.ഇ.ബി | വെള്ളാഞ്ഞി കൈലാസ് കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (49/16) | 687830 /20.04.2016 | 59765 | 0 | 59765 |
| കെഎസ്.ഇ.ബി | പുത്തൻപുര മുഹമ്മദാലി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (170/16) | 687832 /20.04.2016 | 49164 | 0 | 49164 |
| കെഎസ്.ഇ.ബി | ശാന്തി ഗിരി MES റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (33/16) | 687836 /20.04.2016 | 55945 | 0 | 55945 |
| കെഎസ്.ഇ.ബി | മൂഞ്ഞേലി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (68/16) | 687852 /20.04.2016 | 88068 | 0 | 88068 |
| കെഎസ്.ഇ.ബി | അമ്പലക്കുഴി SC കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (69/16) | 687849 /20.04.2016 | 49900 | 0 | 49900 |
| കെഎസ്.ഇ.ബി | അമ്പലക്കുഴി SC കോളനി റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (55/16) | 937565 /2.04.2016 | 47167 | 0 | 47167 |
| കേരള വാട്ടർ അതോറിറ്റി | ചാലയിൽ ബൈലൈൻ റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ (23/16) | 441309 /17.12.2015 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | എരുമത്തലമൂല മുതിരക്കാട്ടുമുകൾ കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ (21/16) | 683239/ 25.2.16 | 200000 | 0 | 200000 |
| കേരള വാട്ടർ അതോറിറ്റി | വെള്ളാഞ്ഞി കൈലാസ് കോളനി റോഡ് പൈപ്പ് | 683666/ 8.3.16 | 110000 | 0 | 110000 |

| | | | | | |
|---|---|---|---|---|---|
| | ലൈൻ വലിക്കൽ (22/16) | | | | |
| കേരള വാട്ടർ അതോറിറ്റി | കൊട്ടവേലിപ്പറമ്പ് NAD മുകൾ മാറാഞ്ചേരി റോഡ് കുടിവെള്ള പൈപ്പ് ലൈൻ (25/16) | 438114/ 14.08.2015 | 390000 | 0 | 390000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 93,25,367 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ മാത്രം) | 10,04,669 |
| ആകെ | 1,03,30,036 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,03,30,036 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| രസീത് നം. 18856/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 70,46,663 |
| രസീത് നം. 18857/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 28,15,304 |
| രസീത് നം. 18854/E, എടത്തല സർവ്വീസ് സഹകരണ ബാങ്ക് | 4,68,069 |
| ആകെ | 1,03,30,036 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 46728 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2011-12 | 2.1(2) | 2,500 | വി എസ് ഷാമില | 11506103222/1.7.2015 |
| 2011-12 | 2.1(2) | 2,500 | വി കെ വിജയൻ | 11506103313/7.7.2015 |
| 2011-12 | 2.1(2) | 2,500 | സജീവ്.കെ | 11506103805/29.7.2015 |

| | | | | |
|---|---|---|---|---|
| | | | എസ് | |
| 2011-12 | 2.1(2) | 2,500 | ടി ജെ ജോൺസൺ | 11506105283/03.10.2015 |
| 2011-12 | 2.1(2) | 2,500 | സി എം അഷറഫ് | 11506105368/06.10.2015 |
| 2011-12 | 3.7 | 29,028 | വി എ അബ്ദുൾ റസാഖ് | 11506103932/04.08.2015 |
| 2011-12 | 2.1(2) | 1,250 | എ എം കുഞ്ഞുമുഹമ്മദ് | 11506110953/31.03.2016 |
| 2000-2001 | 30 | 3,700 | സി.എ.ഷംസുദ്ദീൻ | 11506108483/05.02.2016 |
| 2000-2001 | 30 | 250 | പി എം സമീന | 11506110205/16.03.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | പ്രത്യേക അവലോകനം | 2011-12 | 3-1 | കൃഷിഭവനുകളുടെ ഭൗതിക സൗകര്യ വികസനം | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞു. തൽസ്ഥിതി വിവരപത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2013-14 | പ്രവർത്തനാ വലോകനം | 2013-14 | 5.3.5.6 | ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പി ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നില്ല. | നിയസഭാ സമിതിയുടെ തെളിവെടുപ്പ് കഴിഞ്ഞിട്ടില്ല. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.4 | ഡെപ്പോസിറ്റ് വർക്ക് (KWA)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | പൊതു അവലോകനം | 2006-07 | 3.39.4.5 | ഡെപ്പോസിറ്റ് വർക്ക് (KSEB)- പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | പഞ്ചായത്ത് നൽകിയ മറുപടി നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി |

| | | | | | |
|---|---|---|---|---|---|
| | | | | | സമർപ്പിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം,

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,76,93,695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,79,28,410 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,85,350 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 85,140 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4,82,770 | - | ശ്രീ.യു.അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-2 | 2,250 | - | ശ്രീ.യു.അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 2-3 | 330 | - | ശ്രീ.യു.അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 3-2 | - | 4,400 | ശ്രീ.കെ.കെ.സ്റ്റീഫൻ,അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 85,140 | ഡോ. ജെസ്സി ഉഉപ്പ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക നം. **3-1**

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യു.അബ്ദുൾ ഹക്കീം, സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | സുഹൈൽ മൻസിൽ, വടക്കാഞ്ചേരി പി.ഒ, പാലക്കാട് |
| ശ്രീ.കെ.കെ.സ്റ്റീഫൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എടത്തല ഗ്രാമപഞ്ചായത്ത് | കണ്ണേകത്ത് ഹൗസ്, ഏഴിക്കര പി.ഒ, പള്ളിയാക്കൽ, നോർത്ത് പറവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)51/97/20.4.98 |
| 1997-98 | എൽ.എഫ്.ഇ.(പി.5)956/98/6.1.00 |
| 1998-99 | എൽ.എഫ്.ഇ.(പി.5)218/01/12.9.01 |
| 1999-00 | എൽ.എഫ്.ഇ.(പി.5)164/02/2.11.02 |
| 2000-01 | എൽ.എഫ്.ഇ.(പി.5)165/02/12.12.02 |
| 2001-02 | എൽ.എഫ്.ഇ.(പി.5)1252/03/5.2.04 |
| 2002-03ചെലവ് | എൽ.എഫ്.ഇ.(പി.5)205/05/10.1.07 |
| 2002-03വരവ് | എൽ.എഫ്.ഇ.(പി.5)1082/07/7.4.08 |
| 2003-04 | എൽ.എഫ്.ഇ.(പി.5)2028/08/10.11.09 |
| 2004-05 | എൽ.എഫ്.ഇ.(പി.5)2029/08/10.11.09 |
| 2005-06 | എൽ.എഫ്.ഇ.(പി.5)1670/09/31.12.10 |
| 2006-07 | എൽ.എഫ്.ഇ.(പി.5)1671/09/31.12.10 |
| 2007-08 | എൽ.എഫ്.ഇ.(പി.5)1591/11/16.7.12 |
| 2008-09 | എൽ.എഫ്.ഇ.(പി.5)1592/11/16.7.12 |
| 2009-10 | എൽ.എഫ്.ഇ.(പി.5)152/11/14.10.11 |
| 2010-11 | എൽ.എഫ്.ഇ.(പി.5)2151/11/9.1.12 |
| 2011-12 | എൽ.എഫ്.ഇ.(പി.5)1051/13/19.7.13 |
| 2012-13 | എൽ.എഫ്.ഇ.(പി.5)1612/14/1.11.14 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

## അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി5)1984/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 08.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തല ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.5)1984/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 08.12.2016

Certified that I have audited the Annual Financial Statement of EDATHALA Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of EDATHALA Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G.)